കൂട്ടനാട് എൻ.സി.സി. നേവൽ ടെയിനിംഗ് സെന്ററിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 48 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ടെയിനിംഗ് സെന്ററിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തിക്ക് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഈ പദ്ധതി നടപ്പാക്കുന്നതോടുകൂടി നാടിനും ജനങ്ങൾക്കും എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

കൂട്ടനാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രളയം, കോവിഡ്-19 പോലെയുള്ള വലിയ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അടിയന്തര ഘട്ടത്തിൽ സംസ്ഥാന സർക്കാരിനും ജില്ലാ ഭരണകൂടത്തിനും ഒരു ദുരിതാശ്വാസ ക്യാമ്പ് ആയി ഉപയോഗിക്കത്തക്കവിധത്തിലാണ് ഈ നേവൽ ടെയിനിംഗ് സെന്റർ രൂപകല്പന ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയെന്നും എന്തെല്ലാം സംവിധാനങ്ങൾ ഇവിടെ ഒരുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ 12.88 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. 5 കേരള നേവൽ യൂണിറ്റ് ആഫീസ് കെട്ടിടം, 200 ആൺകുട്ടികൾക്കും 100 പെൺകുട്ടികൾക്കും താമസിച്ച് ജലത്തിലെ സാഹസിക പരിശീലനം സൗജന്യമായി നൽകുന്നതിനുള്ള നേവൽ ടെയിനിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനാണ് പദ്ധതി രൂപ കല്പന ചെയ്തിരിക്കുന്നത്.

അന്യസംസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിലെ ചികിത്സ

50 (1411) ശ്രീ. മുഹമ്മദ് മുഹസിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിൽ നടത്തിയ ചികിത്സാ ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാമോ എന്നറിയിക്കാമോ?

സമർപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ അന്യ സംസ്ഥാനത്ത് നടത്തിയ ചികിത്സാ ചെലവിനായി അപേക്ഷിക്കുന്നതിന്റെ നടപടി ക്രമങ്ങൾ വിശദമാക്കാമോ?

വരുമാന പരിധി 2 ലക്ഷം രൂപയ്ക്ക് താഴെ വരുന്ന കുടുംബത്തിൽപെടുന്നവർക്ക് 6 മാസത്തിനുള്ളിൽ ലഭ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ(ആധാർ)/റേഷൻകാർഡ്,ബാങ്ക് അക്കൗണ്ട് വിവരം എന്നിവ ഉൾപ്പെടുത്തിയ അപേക്ഷ അക്ഷയകേന്ദ്രങ്ങൾ മുഖേന ഓൺലൈനായി സി.എം.ഒ. പോർട്ടലിൽ സമർപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി

51 (1412) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ രോഗങ്ങൾ ബാധിച്ച് ചികിത്സയിൽ കഴിയുന്നവർക്ക് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര രൂപ മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

സംസ്ഥാനത്ത് വിവിധ രോഗങ്ങൾ ബാധിച്ച് ചികിത്സയിൽ കഴിയുന്നവർക്ക് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 852,23,22,703 രൂപ (എണ്ണൂറ്റി അൻപത്തിരണ്ട് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തി രണ്ട് ആയിരത്തി എഴുന്നൂറ്റി മൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ രോഗികൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജീവിത ശൈലീ രോഗങ്ങൾ ഒഴികെയുള്ള കാൻസർ, കിഡ്നി, ഹൃദയം, കരൾ, മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ തുടങ്ങിയ മാരക രോഗങ്ങൾക്ക് സഹായം അനുവദിക്കുന്നുണ്ട്.

ചികിത്സാസഹായം

52 (1413) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട കാൻസർ രോഗികൾക്കും ആന്തരിക അവയവങ്ങളുടെ ചികിത്സ നടക്കുന്നവർക്കും മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധിയിൽ നിന്നും നൽകിവരുന്ന തുക കാലോചിതമായി വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.